(ബി) ഇതു സംബന്ധിച്ച് പരിശോധന നടത്തുകയുണ്ടായോ ; വിശദാംശം നൽകാമോ ;

(സി) കയ്യേറ്റത്തോടൊപ്പം കൈത്തോട് നികത്തിയിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് പരിശോധന നടത്തുകയുണ്ടായി. കൈയ്യേറ്റം അളന്നുതിട്ടപ്പെടുത്തുന്നതിന് തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കയ്യേറ്റത്തോടൊപ്പം കൈത്തോട് നികത്തിയിട്ടുണ്ട്.

(ഡി) കടകംപള്ളി വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കയ്യേറ്റം പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടതിനാൽ ആയത് അളന്ന് തിട്ടപ്പെടുത്തിയശേഷം ഒഴിപ്പിക്കുന്നതിനുള്ള ഊർജ്ജിത നടപടി സ്വീകരിക്കുന്നതാണ്.

പി.എം.ജി.-പട്ടം റോഡ് വീതി കൂട്ടൽ

199(3122) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പി.എം.ജി.-പട്ടം റോഡ് വീതി കൂട്ടുന്നതിനായി സ്ഥലം ഏറ്റെടുക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ഉത്തരവിട്ടത് ;

(ബി) പ്രസ്തുത ഉത്തരവ് അസാധുവാക്കിയിട്ടുണ്ടോ ;

(സി) ഈ റോഡിന്റെ വീതി കൂട്ടൽ നിർത്തിവച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) വീതി കൂട്ടുന്നതിനായി ഏതൊക്കെ ഉടമസ്ഥരുടെ എത്ര വീതം വസ്തുവാണ് റവന്യൂ രേഖകളിൽനിന്ന് കുറവ് ചെയ്തത് ; വിശദാംശം നൽകുമോ ;

(ഇ) ഈ പദ്ധതി ഒഴിവാക്കിയ സാഹചര്യത്തിൽ റവന്യൂ രേഖകളിൽ നിന്നും കുറവ് ചെയ്ത് ഭൂമി തിരികെ ഉടമസ്ഥർക്ക് നൽകി ഭൂമിയുടെ കരം ഒടുക്കുന്നതിന് ഉടമസ്ഥരെ അനുവദിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇതു സംബന്ധിച്ച് ഏതൊക്കെ പരാതികളാണ് വകുപ്പിലുള്ളത്;

(ജി) പരാതികളിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം പി.എം.ജി.-പട്ടം റോഡ് വീതി കൂട്ടുന്നതിനായി സ്പെഷ്യൽ തഹസീൽദാർ എൽ.എ.-എൻ.എച്ച് കാര്യാലയം മുഖേന നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത പൊന്നുംവില നടപടി ഔദ്യോഗികമായി പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

(സി) കേശവദാസപുരം-പി.എം.ജി. (റീച്ച്-3) പൊന്നുംവില നടപടിയുടെ അർത്ഥനാധികാരിയായ ദേശീയപാത വിഭാഗം എക്സി.എഞ്ചിനീയറുടെ കാര്യാലയം യഥാസമയം ഫണ്ട് ലഭ്യമാക്കാത്തതിനാൽ ടി പൊന്നുംവില നടപടി ഡിനോവ ആയിട്ടുള്ളതാകുന്നു.

(ഡി) പ്രസ്തുത പൊന്നുംവില നടപടിയിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുക്കളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) പിൻവാങ്ങൽ വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനുശേഷം എൽ.എ., സ്റ്റേച്ച് ക്യാൻസൽ ചെയ്ത് പഴയ സ്റ്റേച്ച് നിലനിർത്തിയാൽ മാത്രമേ ഭൂമിയുടെ ഉടമസ്ഥർക്ക് എൽ.എ.യ്ക്കുവേണ്ടി ഉൾപ്പെടുത്തിയിരുന്ന ഭൂമിക്കുകൂടി കരം ഒടുക്കുന്നതിന് സാധിക്കുകയുള്ളൂ.

(എഫ്&ജി) ടി വിഷയം സംബന്ധിച്ച് ലാന്റ് റെക്കോർഡ്സ് മെയിന്റനൻസ് മുഖേന ഏഴ് പരാതികളും ആർ.എസ്.പി. സംസ്ഥാന കമ്മിറ്റി സെക്രട്ടറി ഉൾപ്പെടെയുള്ള 6 പേർ സമർപ്പിച്ച പരാതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിൽ ലാന്റ് റെക്കോർഡ്സ് മെയിന്റനൻസ് മുഖേന ലഭിച്ച പരാതികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി വസ്തുവിന്റെ സ്കെച്ചും സബ് ഡിവിഷൻ സ്റ്റേറ്റ്മെന്റും തയ്യാറാക്കി ആയതിൽ അഡീഷണൽ തഹസീൽദാർ, ജില്ലാ സർവ്വേ സൂപ്രണ്ട് എന്നിവർ ഒപ്പിട്ട് അഡീഷണൽ തഹസീൽദാറുടെ നടപടിക്രമം തയ്യാറാക്കി കരംഒടുക്ക് വരുത്തുന്നതിനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ മുൻപാകെയുള്ള പരാതി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly